# സ്ത്രീ-കള്ളക്കടത്ത് പെരുകുന്നു

മാർവാൻ മക്കാൻ മാർക്കാർ

ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നും സ്ത്രീകളെ നിയമ വിരുദ്ധമായി കടത്തിക്കൊണ്ടു പോയി ലൈംഗിക ചൂഷണങ്ങൾക്കു വിധേയമാക്കുന്നതിനെതിരെ അന്താരാഷ്ട്ര പ്രതികരണം ഉടനടിയുണ്ടാകണമെന്ന് യു. എസ്. ഹ്യൂമൺറൈറ്റ്സ് വാച്ചിലെ റീഗൻ റാൾഫ് യു. എസ്. സെനറ്റിന്റെ വിദേശകാര്യ വിഭാഗത്തോട് ആവശ്യപ്പെട്ടു. ഈ പ്രശ്നത്തിന്റെ വിവിധ വശങ്ങളെപ്പറ്റി രേഖപ്പെടുത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്യിട്ടുള്ളവരാണ് ഹ്യൂമൻ റൈറ്റ്സ് വാച്ച്.

ബംഗ്ളദേശിൽ നിന്ന് പാകിസ്ഥാനിലേക്കും, ബർമ്മയിൽ നിന്ന് തായ്ലണ്ടിലേക്കും, നേപ്പാളിൽ നിന്ന് ഇന്ത്യയിലേക്കും, സ്ത്രീകളെ കടത്തിക്കൊണ്ടു പോകുന്ന വിവരം ഇവർ ഇതിന് മുമ്പ് റിപ്പോർട്ട് ചെയ്യിരുന്നു. ലഭ്യമായ വിവരമനുസരിച്ച് ഏതാണ്ട് 20 ലക്ഷം സ്ത്രീകൾ ലൈംഗിക അടിമത്തത്തിലാണ്. വിദേശ രാജ്യങ്ങളിൽ തൊഴിൽനൽകാമെന്ന് പ്രലോഭിപ്പിച്ചാണ് ഈ പാവം സ്ത്രീകളെ ക്രിമിനൽ സംഘങ്ങൾ കെണിയിൽപ്പെടുത്തുന്നത്.

1999 ആഗസ്റ്റിൽ ജോർജ്ജിയയിൽ വെച്ച് ഏഷ്യൻ രാജ്യങ്ങളിൽ നിന്നും നിയമ വിരുദ്ധമായി കടത്തിക്കൊണ്ടുവന്ന1000 സ്ത്രീകളെ ക്രിമിനൽ സംഘങ്ങളിൽ നിന്നും രക്ഷിക്കുകയുണ്ടായി. രാജ്യത്തെ വിവിധ വ്യഭിചാരശാലകളിലേക്കായിട്ടാണ് ഇവരെ കൊണ്ടുവന്നത് .യൂറോപ്യൻ പാർലമെന്റിനു മുമ്പാകെ ഈ പ്രശ്നം പൊതുവിചാരണയ്ക്കു വരുകയുണ്ടായി. 5ലക്ഷം സ്ത്രീകളെ പടിഞ്ഞാറൻ യൂറോപ്പിലേക്ക് കടത്തിക്കൊണ്ടു വന്നിട്ടുണ്ടെന്നാണ് കണക്ക്. ഇതിൽ 60%പേരും ലൈംഗിക വ്യവസായത്തിലാണ്. റഷ്യ, അൽബേനിയ എന്നിവിടങ്ങളിലെ ക്രിമിനൽ സംഘങ്ങളാണ് ഇവരെ നിയന്ത്രിക്കുന്നത്. ബ്രിട്ടണിലേയും യു. എസ്സിലേയും അവസ്ഥയും വിഭിന്നമല്ല.

നോർത്ത് ലണ്ടൻ യൂണിവേഴ്സിറ്റിയുടെ പഠന പ്രകാരം രാജ്യത്തെ വ്യഭിചാരശാലകളിലെ പത്തിൽ ആറുപേരും ഇങ്ങനെ നിയമ വിരുദ്ധമായി കടത്തിക്കൊണ്ടു വന്നവരാണ് ബ്രിട്ടണിലെ സാമൂഹ്യശാസ്ത്ര അധ്യാപകനായ കെവിൻ ബെയ്ൽസ് ഈ ചൂഷണത്തെ ആധുനിക കാലത്തെ അടിമത്തം എന്നാണ് വിശേഷിപ്പിക്കുന്നത്. പോയ കാലത്തു നിന്നും വ്യത്യസ്തമായി ഈ പുതിയ അടിമത്തത്തിൽ അടിമയുടെ മേൽ ഉടമസ്ഥ്നിയമപ്രകാരമുള്ള അവകാശമുണ്ടായിരിക്കയില്ലന്നുമാത്രം

വിവർത്തനം ടി .ഐ. ലാലു